"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കോട്ടയം ജില്ല - കോട്ടയം നിയോജക മണ്ഡലം റോഡ് പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.14/2026/DMD തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 183/2025/ഡി.എം.ഡി. തീയതി, 27.03.2025

2. ബഹു. കോട്ടയം എം. എൽ. എ. യുടെ 27.09.2025 ലെ KTM MLA-5/09/2025-TVM നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കോട്ടയം ജില്ലയിലെ കോട്ടയം നിയോജക മണ്ഡലത്തിലുൾപ്പെട്ട ചോഴിയക്കാട് - ഞെക്കാട് റോഡ്, ശ്രീകൃഷ്ണക്ഷേത്രം - കാഞ്ഞിരക്കോട് റോഡ്, മുരിക്കനാട് ലൈൻ റോഡ്, കെ.ജി. കേശവൻ നായർ റോഡ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച് 6 മാസത്തിനുള്ളിൽ കരാറിൽ ഏർപ്പെടാൻ സാധിച്ചിട്ടില്ലാത്തതിനാൽ ടി. റോഡ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ബഹു. കോട്ടയം എം. എൽ. എ. പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കോട്ടയം എം.എൽ.എ. യുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കോട്ടയം ജില്ലയിലെ കോട്ടയം നിയോജക മണ്ഡലത്തിലുൾപ്പെട്ട ചോഴിയക്കാട് - ഞെക്കാട് റോഡ്, ശ്രീകൃഷ്ണക്ഷേത്രം - കാഞ്ഞിരക്കോട് റോഡ്, മുരിക്കനാട് ലൈൻ റോഡ്, കെ.ജി. കേശവൻ നായർ റോഡ് എന്നീ പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/221/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 05-01-2026 13:42:43
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്